കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലോക ബാങ്ക് വിഹിതത്തെ വാലിഡേഷനിൽ നിന്ന് ഒഴിവാക്കിയ നടപടിക്ക് സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ.)നം.3524/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 01.11.2017

പരാമർശം :- 1) തദ്ദേശമിത്രം പ്രോജക്റ്റ് ഡയറക്ടറുടെ 13.09.2017-ലെ 29/2015/KLGSDP - നമ്പർ കത്ത്

2) 03.10.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 4.2 നമ്പർ തീരുമാനം

ഉത്തരവ്

വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലായി 2015-16-ൽ ആരംഭിച്ച 96 സ്പിൽ ഓവർ പ്രോജക്ടുകൾ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ലെന്നും ഇത്തരം പ്രോജക്ടുകൾ പൂർത്തിയാക്കാൻ ലോക ബാങ്ക് വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും സുലേഖ സോഫ്റ്റ് വെയറിൽ ഈ തുക ചേർത്തിട്ടില്ലെന്നും അതിനാൽ ഈ സ്പിൽ ഓവർ പ്രോജക്റ്റ് ഇനിയും ചേർത്താൽ വാലിഡേഷൻ പോകും എന്നതിനാൽ ഇതു പരിഹരിച്ച് ഈ സ്പിൽഓവർ പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ചേർക്കാൻ ക്രമീകരണം ചെയ്യണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശമിത്രം പ്രോജക്റ്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2)03.10.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ലോക ബാങ്ക് വിഹിതത്തെ വാലിഡേഷനിൽ നിന്ന് ഒഴിവാക്കിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു. ഈ ലോക ബാങ്ക് വിഹിതം കൂടി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി ഇത് പിന്നീട് ക്രമപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും,എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും

സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(ഗ്രാമവികസനകമ്മീഷണർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, തദ്ദേശമിത്രം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ